# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ഫെബ്രുവരി 1, വെള്ളി

**നമ്പർ 156**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ഗവർണറുടെ സന്ദേശം :

2019 ജനവരി 30-ന് സഭ അംഗീകരിച്ച ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തിന് ഗവർണർ നൽകിയ മറുപടി സ്പീക്കർ സഭയെ അറിയിച്ചു

[രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ വധം പുനഃസൃഷ്ടിച്ച് അധിക്ഷേപിക്കുകയും നാഥുറാം ഗോഡ്സെയെ പുകഴ്ത്തുകയും ചെയ്ത ഹിന്ദുമഹാസഭാ നേതാക്കളുടെ നടപടിയെ സഭാ സമ്മേളനം ആരംഭിച്ച ഉടൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല അപലപിക്കുകയും സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയും ചെയ്തു. മുഖ്യമന്ത്രി ഈ സംഭവത്തെ ശക്തമായി അപലപിച്ച് സംസാരിച്ചു. രാഷ്ട്രപിതാവിനെ നിന്ദിച്ച അധമവും നികൃഷ്ടവുമായ പ്രവൃത്തിയെ സഭ ശക്തിയായി അപലപിക്കുന്നുവെന്നും സ്പീക്കർ സഭയെ അറിയിച്ചു]

അടിയന്തരപ്രമേയം :

സാമ്പത്തിക സഹായവും പുനരധിവാസവും ആവശ്യപ്പെട്ട് എൻഡോസൾഫാൻ ഇരകളായ കുട്ടികളും അവരുടെ അമ്മമാരും സെക്രട്ടേറിയറ്റ് നടയിൽ നടത്തുന്ന നിരാഹാര സമരത്തോട് സർക്കാർ പുലർത്തുന്നതായി പറയപ്പെടുന്ന അവഗണനമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ. എ. നെല്ലിക്കുന്നും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

KNPP. 280/2019(i).

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

(1) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ വെള്ളനാതുരുത്തിൽ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് കമ്പനി നടത്തുന്ന വിപുലമായ കരിമണൽ ഖനനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ആർ. രാമചന്ദ്രൻ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ശബരിമലയിൽ മകരവിളക്ക് തെളിയിക്കുന്നതിന് മലയരയർക്ക് നഷ്ടപ്പെട്ട അവകാശം അവർക്ക് പുനഃസ്ഥാപിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഒ. രാജഗോപാൽ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. കെ. സി. മമ്മത് കോയ | കെട്ടിടങ്ങളുടെ പാട്ടവും അടിസ്ഥാന വാടകയും | റവന്യൂവും ഭവനനിർമ്മാണവും മന്ത്രി |
| 2 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 3 | ശ്രീ. എം. സ്വരാജ് | ലൈഫ് പദ്ധതി | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>നിയമനിർമ്മാണകാര്യം :</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. ശ്രീ. വി. ഡി. സതീശൻ ബില്ലിന്റെ അവതരണത്തിനെതിരെ ക്രമപ്രശ്നം ഉന്നയിച്ചു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന് ശേഷം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്തു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. വി. പി. സജീന്ദ്രൻ നിരാകരണ പ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി യു. പ്രതിഭ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. പ്രദീപ്കുമാറും അവതരിപ്പിച്ചു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ മറുപടിക്ക് ശേഷം നിരാകരണപ്രമേയം സഭ തള്ളി. അവതരിപ്പിച്ച മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയച്ചു.

2019 ഫെബ്രുവരി 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 12.30-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

Fourteenth Session

# BULLETIN—PART I

( Brief Record of Proceedings )

*Friday, February 1, 2019*

**No. 156**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Message from the Governor :*

The Speaker reported to the Assembly the Governor's reply to the motion of thanks on Governor's Address, which was adopted by the house on 30th January 2019.

[Immediately after the commencement of the session, The Leader of Opposition invited the attention of the House and strongly denounced to the incident which the leaders of Hindu Maha Sabha who controversially recreated the assassination of Mahatma Gandhiji, the Father of our Nation, and hailed his killer Nathuram Godse. The Chief Minister also denounced this incident. The Chair informed that the House strongly denounce their heinous and abominable act of deriding The Mahathma.]

*Adjournment Motion :*

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri N. A. Nellikkunnu and three other Members regarding the serious situation reported to have arisen consequent to the evasive attitude of the Government towards the indefinite hunger strike of children who are victims of Endosulfan and their mothers demanding financial aid and rehabilitation, in front of the Government Secretariat.

In protest against the attitude of the Government in the matter the opposition Members staged a walkout.

KNPP. 280/2019(ii).

*Calling Attention:*

(1) Shri R. Ramachandran called the attention of the Minister for Industries, Sports, Youth Affairs to the necessity to solve the problems due to the extensive sand mining by Indian Rare Earths Ltd. Company in Vellanathuruth of Alappad Panchayath. The Chief Minister made a statement thereto.

(2) Shri O. Rajagopal called the attention of the Minister for Co-operation, Tourism, and Devaswoms to the necessity to take steps to restore the rights of Mala Araya community to light Makaravilakku at Sabarimala. The Minister made a statement thereto.

*Matters raised by Members under Rule 304 :*

The Matters raised in the house by members under Rule 304 are listed below :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. കെ. സി. മമ്മത് കോയ | കെട്ടിടങ്ങളുടെ പാട്ടവും അടിസ്ഥാന വാടകയും | റവന്യൂവും ഭവനനിർമ്മാണവും മന്ത്രി |
| 2 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 3 | ശ്രീ. എം. സ്വരാജ് | ലൈഫ് പദ്ധതി | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects :

*Legislative Business:*

Shri Kadakampally Surendran Minister for Co-operation, Tourism and Devaswoms introduced The Kerala Co-operative Societies (Amendment) Bill 2019. The Minister also laid on the table the statement under Rule 75(1). The Minister also moved that the Bill be referred to Subject Committee XI Food, Civil

Supplies and Co-operation. The Speaker over ruled the point of order raised by Shri V. D. Satheesan against the introduction of the Bill after hearing the Minister. Shri N. A. Nellikkunnu moved the Ordinance disapproval motion and spoke. Shri V. P. Sajeendran seconded the motion and spoke. Shri Eldose P. Kunnappillil moved an amendment to circulate the Bill for eliciting public opinion and Shri A. Pradeepkumar as authorised by Smt. U. Prathibha, moved an amendment for referring the Bill to a Select Committee.

After the reply by the Minister the Ordinance disapproval motion was declared lost. The amendments moved were withdrawn by the leave of the House. The Bill was then referred to Subject Committee XI, Food, Civil Supplies and Co- operation.

The House adjourned at 12.30 p.m. to meet again at 9.00 a.m. on Monday, February 4, 2019.

V. K. BABU PRAKASH,
*Secretary.*